# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1797 01.11.2019 -ലെ മറുപടിയ്ക്ക്

## കാലിക്കറ്റ് യൂണിവേഴ്സിറ്റി രജിസ്ട്രാർ തസ്തികയിലെ നിയമനം

ചോദ്യം ഉത്തരം

ശ്രീ. ടി. വി. ഇബ്രാഹിം

ഡോ.കെ.ടി.ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ രജിസ്ട്രാർ തസ്തികയിൽ നിയമനത്തിനായി നടത്തിയ അഭിമുഖത്തിൽ മാർക്ക് നൽകിയതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (എ) | രജിസ്ട്രാർ തസ്തികയിലേക്ക് നടന്ന അഭിമുഖത്തിൽ സെലക്ഷൻ കമ്മിറ്റി അംഗങ്ങൾ അംഗീകരിച്ച് നൽകിയ സ്കോർ ഷീറ്റിന്റെ മാതൃക പ്രകാരം മാർക്കുകൾ നൽകുന്നതിന് താഴെകൊടുത്തിരിക്കുന്ന മാനദണ്ഡങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളത് |
| (ബി) | കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ശ്രീ. സി.എൽ. ജോഷിയെ രജിസ്ട്രാർ ആയി നിയമിച്ചതിൽ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് പാലിച്ചിട്ടുണ്ടോ; സ്റ്റാറ്റ്യൂട്ടിലെ ചാപ്റ്റർ 2 സ്റ്റാറ്റ്യൂട്ട് 19 സി.യു.എഫ്.എസ്. 1977 എന്ന ക്ലോസ് ഈ നിയമനത്തിൽ ലംഘിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ഉണ്ട്; ഇല്ല. സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് അദ്ധ്യായം 2, സ്റ്റാറ്റ്യൂട്ട് 19 സി. യു. എഫ്. എസ് 1977 ലെ വ്യവസ്ഥകൾക്കും, കാലിക്കറ്റ് സർവ്വകലാശാല ഫസ്റ്റ് ഓർഡിനൻസ്, 1978, 2019 ലെ ഓർഡിനൻസ് നമ്പർ 21 എന്നിവയിലെ വ്യവസ്ഥകൾക്കും വിധേയമായിട്ടാണ്, അന്യത്ര സേവനവ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് രജിസ്ട്രാറുടെ നിയമനം നടത്തിയിട്ടുള്ളത്. |
| (സി) | ശ്രീ. സി.എൽ. ജോഷിയുടെ നിയമനത്തിൽ നേരിട്ടുള്ള നിയമനത്തിനും ഡെപ്യൂട്ടേഷനും ബാധകമായിട്ടുള്ള ഓർഡിനൻസിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ; വിവരങ്ങൾ നൽകാമോ? | (സി) | 1978 ലെ കാലിക്കറ്റ് സർവ്വകലാശാലാ ഫസ്റ്റ് ഓർഡിനൻസിലെയും, 2019 ലെ ഓർഡിനൻസ് നമ്പർ 21 ലെയും വ്യവസ്ഥകൾക്ക് വിധേയമായി, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് രജിസ്ട്രാർ നിയമനത്തിന് വിജ്ഞാപനം പുറപ്പെടുവിക്കുകയും, ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റിയുടെ |

| Criteria | Post Graduation | Ph.D | Additional P.G (2x5) | Administrative Experience (4x5) | Teaching Experience (3x5) | Interview | Total |
|---|---|---|---|---|---|---|---|
| Maximum Mark | 25 | 10 | 10 | 20 | 15 | 20 | 100 |

| | | | |
|---|---|---|---|
| | | | ശുപാർശയനുസരിച്ച് രജിസ്ട്രാറുടെ നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സിൻഡിക്കേറ്റ് നടത്തുകയുമാണുണ്ടായത്. നേരിട്ടുള്ള നിയമനമല്ലാത്തതിനാൽ, ആയതിലുള്ള നിയമന വ്യവസ്ഥകൾ ഇതിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ.